പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1704 | 16-10-2026-ൽ മറുപടിയ്ക്ക്

## വാഹന രൂപമാറ്റം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** വാഹന രൂപമാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങൾ പരിഹരിക്കുമെന്ന ഉറപ്പുകൾ പാലിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** വാഹന രൂപമാറ്റം സംബന്ധിച്ച ഇളവുകൾ നൽകുന്നതിന് സംസ്ഥാന സർക്കാരിന് നിയമപരമായി അധികാരമുണ്ടോയെന്ന് അറിയിക്കാമോ;

**മറുപടി:** മോട്ടോർ വാഹന നിയമം, 1988-ലെ സെക്ഷൻ 52 പ്രകാരം, വാഹനത്തിന്റെ നിർമ്മാതാവ് വ്യക്തമാക്കിയിട്ടുള്ളതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ വിവരങ്ങളിൽ വ്യത്യാസം വരുന്ന രീതിയിൽ ഒരു വാഹന ഉടമയും വാഹനത്തിൽ വ്യത്യാസം വരുത്താൻ പാടുള്ളതല്ല.

കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ, 1989-ലെ ചട്ടം 112-ഉം മറ്റ് ബാധകമായ ചട്ടങ്ങളും അനുസരിച്ച് ഏതൊരു മാറ്റവും അല്ലെങ്കിൽ കൂട്ടിച്ചേർക്കലുകളും (ഇന്ധന സംവിധാനം, പ്രൊപ്പൽഷൻ സംവിധാനം, എൻജിൻ, ഷാസി, ബോഡി ഘടന തുടങ്ങിയവയിൽ വരുത്തുന്ന മാറ്റങ്ങൾ) ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ, മാനദണ്ഡങ്ങൾ, സുരക്ഷാ വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായിരിക്കണം. കൂടാതെ ഇത്തരം മാറ്റങ്ങൾ Original Equipment Manufacture (OEM), വാഹന നിർമ്മാതാവിന്റെ അംഗീകൃത ഡീലർ, അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ അംഗീകരിച്ചിട്ടുള്ള വർക്ക്ഷോപ്പ്/സർവീസ് സ്റ്റേഷൻ എന്നിവ മുഖേന മാത്രമേ ചെയ്യാൻ പാടുള്ളൂ. പ്രസ്തുത നിബന്ധനകളിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

**(സി)** ഇതുസംബന്ധിച്ച് ഗതാഗത വകുപ്പ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വാഹന രൂപമാറ്റത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ നിലപാട് എന്താണെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ബോഡി സ്റ്റൈലിംഗ് കിറ്റ് ഘടിപ്പിക്കൽ, റൂഫ് കാരിയർ ഘടിപ്പിക്കൽ, സ്പോർക്കൽ ഘടിപ്പിക്കൽ, സൺ ഫിലിം, സൈഡ് സ്റ്റെപ്പ്, അലോയ് വീലുകൾ, ടയറുകൾ എന്നിവയുമായി ബന്ധപ്പെട്ട മുൻകൂർ അനുമതി ആവശ്യമില്ലാത്ത ആൾട്ടറേഷനുകൾ സംബന്ധിച്ച് കേന്ദ്ര റോഡ് ഗതാഗത-ഹൈവേ മന്ത്രാലയത്തിൽനിന്ന് സ്പഷ്ടീകരണം ലഭ്യമാകുന്നതിലേക്ക് സർക്കാരിലേക്ക് കത്ത് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന വാഹന മോഡിഫിക്കേഷൻ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**വാഹനങ്ങളിൽ വരുത്താവുന്ന മാറ്റങ്ങളും അവയ്ക്കുള്ള വ്യവസ്ഥകളും**

| ക്രമ നമ്പർ | മാറ്റത്തിന്റെ ഇനം | വ്യവസ്ഥകൾ |
|---|---|---|
| 1 | നിറം മാറ്റൽ | രജിസ്ട്രേഷൻ അതോറിറ്റിയുടെ മുൻകൂർ അനുമതിയോടെ മാത്രമേ വാഹനത്തിന്റെ നിറം മാറ്റാൻ പാടുള്ളൂ. നിറം മാറ്റിയ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) രേഖപ്പെടുത്തേണ്ടതാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 121 പ്രകാരമോ കാലകാലങ്ങളിൽ പ്രാബല്യത്തിലുള്ള സംസ്ഥാന ഗതാഗത അതോറിറ്റിയുടെ (STA) തീരുമാനങ്ങൾ പ്രകാരമോ നിരോധിച്ചിട്ടുള്ള നിറം അനുവദനീയമല്ല. |
| 2 | എഞ്ചിൻ മാറ്റിസ്ഥാപിക്കൽ | ഒരേ നിർമ്മതാവിന്റെയും ഒരേ തരത്തിലും മോഡലിലും എൻജിൻ ശേഷിയിലും പവറിലും മറ്റ് സാങ്കേതിക സവിശേഷതകളിലും സമാനവുമായ പുതിയ എൻജിൻ, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112-ലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻകൂർ അനുമതി ലഭ്യമാക്കിയ ശേഷം മാറ്റിസ്ഥാപിക്കാവുന്നതാണ്. ഇപ്രകാരം നടത്തുന്ന എൻജിൻ മാറ്റം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ, ഒരു വാഹനത്തിനായി ഉദ്ദേശിച്ചിട്ടുള്ള എൻജിൻ മറ്റൊരു വാഹനത്തിൽ സ്ഥാപിക്കുന്ന രീതിയിലുള്ള എൻജിൻ സ്വാപ്പിംഗ് കർശനമായി നിരോധിച്ചിരിക്കുന്നു. |
| 3 | ഷാസി ഫ്രെയിം മാറ്റിസ്ഥാപിക്കൽ | ഒരു നിർമ്മാതാവിന്റെ, അതേ തരത്തിലുള്ള പുതിയ ഷാസി മുൻകൂർ അനുമതിയോടെ മാറ്റിസ്ഥാപിക്കാവുന്നതാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112 പാലിക്കുകയും മാറ്റം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) രേഖപ്പെടുത്തുകയും വേണം. ഒരു പ്രത്യേകതരം വാഹനത്തിനായി ഉദ്ദേശിച്ചിട്ടുള്ള ഷാസി മറ്റൊരു തരത്തിലുള്ള വാഹനത്തിനായി മാറ്റിയുപയോഗിക്കാൻ പാടില്ല. |
| 4 | ബോഡി ഘടനയിൽ മാറ്റം വരുത്തൽ | കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112 കർശനമായി പാലിച്ചുകൊണ്ട്, മുൻകൂർ അനുമതിയോടെ ബോഡി ഘടനയിൽ മാറ്റം വരുത്താവുന്നതാണ്. |

| | | |
|---|---|---|
| | | വരുത്തിയ മാറ്റം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) രേഖപ്പെടുത്തേണ്ടതാണ്. |

| | | |
|---|---|---|
| 5 | അംഗീകൃത റെട്രോഫിറ്റ്മെന്റ് കിറ്റ് ഉപയോഗിച്ച് ഇന്ധനം മാറ്റൽ | മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 52-ഉം കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112-ഉം അനുസരിച്ച് മുൻകൂർ അനുമതിയോടെ ഇന്ധന സംവിധാനം മാറ്റാവുന്നതാണ്. വരുത്തിയ മാറ്റം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) രേഖപ്പെടുത്തണം. ഇത്തരം പ്രവൃത്തികൾ ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചറർ (OEM), വാഹന നിർമ്മാതാവിന്റെ ഡീലർ, സംസ്ഥാന സർക്കാർ അംഗീകരിച്ച വർക്ക്ഷോപ്പ്, അല്ലെങ്കിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച സർവീസ് സ്റ്റേഷൻ എന്നിവ മുഖേന മാത്രമേ നടത്താവൂ. |
| 6 | അംഗീകൃത കൺവേർഷൻ കിറ്റ് ഉപയോഗിച്ച് പ്രൊപ്പൽഷൻ സംവിധാനം മാറ്റൽ | മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 52-ഉം കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112-ഉം അനുസരിച്ച്, മുൻകൂർ അനുമതിയോടെ പ്രൊപ്പൽഷൻ സംവിധാനം മാറ്റാവുന്നതാണ്. ഇതിനായി അംഗീകൃത കൺവേർഷൻ കിറ്റുകൾ ഉപയോഗിക്കുകയും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിക്കുകയും വേണം. വരുത്തിയ മാറ്റം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) രേഖപ്പെടുത്തേണ്ടതാണ്. |
| 7 | അനുയോജ്യ വാഹനമായി (Adapted Vehicle) മാറ്റൽ | മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 52(2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നിബന്ധനകൾക്കും കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 112A-യ്ക്കും അനുസൃതമായും മുൻകൂർ അനുമതിയോടെ വാഹനം Adapted Vehicle ആയി മാറ്റാവുന്നതാണ്. ഇത്തരം മാറ്റങ്ങൾ ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചറർ (OEM), വാഹന നിർമ്മാതാവിന്റെ ഡീലർ, അല്ലെങ്കിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച വർക്ക്ഷോപ്പ്/ സർവീസ് സ്റ്റേഷൻ എന്നിവ മുഖേന മാത്രമേ നടത്താവൂ. |

**(ഡി)** സർക്കാർ അനുമതിയോ ഉത്തരവോ ഇല്ലാതെ മന്ത്രിമാർ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ വാഹനത്തിൽ സ്റ്റേറ്റ് ബോർഡും ബീക്കണും മറ്റും വെക്കുന്നത് കുറ്റകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ ഉപയോഗിച്ച വാഹന ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>**മറുപടി:**</u> ഇതു സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. പരാതി പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**